**പതിനഞ്ചാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2378** **15-10-2024-ൽ മറുപടിയ്ക്ക്**

**ആസ്തിവികസന ഫണ്ട്**

| **ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി** |
|---|---|
| ശ്രീ. കെ. കെ. രാമചന്ദ്രൻ | ശ്രീ. വി. ഡി. സതീശൻ |
| ശ്രീ. കെ. കെ. രാമചന്ദ്രൻ | (മുഖ്യമന്ത്രി) |

**(എ)** എം.എൽ.എ.മാരുടെ മണ്ഡലം ആസ്തിവികസന ഫണ്ടുപയോഗിച്ച് സർക്കാർ ഹൈസ്കൂളുകൾ, ഹയർസെക്കന്ററി സ്കൂളുകൾ എന്നിവയ്ക്ക് സ്കൂൾ ബസ്സ് വാങ്ങുന്നതിന് തുക അഡ്വാൻസായി അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ബഹു. എം.എൽ.എമാരുടെ മണ്ഡലം ആസ്തിവികസന ഫണ്ടുപയോഗിച്ച് സർക്കാർ ഹൈസ്കൂളുകൾ, ഹയർ സെക്കന്ററി സ്കൂളുകൾ എന്നിവയ്ക്ക് സ്കൂൾ ബസ്സ് വാങ്ങുന്നതിന് തുക അഡ്വാൻസായി അനുവദിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല

**(ബി)** വലിയതോതിൽ തുക ആവശ്യമായി വരുന്ന ഇത്തരം പ്രൊപ്പോസലുകളിൽ സ്കൂളിന് വാഹനം ലഭ്യമാക്കുന്നതിനാവശ്യമായ തരത്തിൽ അഡ്വാൻസ് തുക അനുവദിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**മറുപടി:** ബഹു. പുതുക്കാട് എം.എൽ.എ. ശ്രീ.കെ.കെ. രാമചന്ദ്രൻ അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ജി.വി.എച്ച്.എസ്.എസ്. നന്തിക്കര സ്കൂളിന് ബസ്സ് ലഭ്യമാക്കുന്നതിനുള്ള പദ്ധതിക്കായി ബഹു. ജില്ലാ കളക്ടർ 06-03-2024 തീയതിയിൽ RD6/12835/2023 നമ്പറായി ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതി ലഭിച്ചതിനു ശേഷം പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഇ-ടെണ്ടർ ക്ഷണിക്കുകയും വല്ലൂർ മോട്ടോർ പ്രൈവറ്റ് ലിമിറ്റഡ്, മരത്താക്കര പി.ഒ.-680306 എന്ന സ്ഥാപനത്തിന് ടെണ്ടർ ലഭിക്കുകയും ടി.സ്ഥാപനം ,ബസ് സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടുമുണ്ട്

**(സി)** പുതുക്കാട് മണ്ഡലത്തിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ നന്തിക്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ എം.എൽ.എ ആസ്തിവികസന ഫണ്ടിൽ നിന്നും നിർദ്ദേശിച്ച പ്രകാരം സ്കൂൾ ബസ്സ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

**മറുപടി:** ബഹു. പുതുക്കാട് എം.എൽ.എ. ശ്രീ.കെ.കെ. രാമചന്ദ്രൻ അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ജി.വി.എച്ച്.എസ്.എസ്. നന്തിക്കര സ്കൂളിന് ബസ്സ് ലഭ്യമാക്കുന്നതിനുള്ള പദ്ധതിക്കായി ബഹു. ജില്ലാ കളക്ടർ 06-03-2024 തീയതിയിൽ RD6/12835/2023 നമ്പറായി ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതി ലഭിച്ചതിനു ശേഷം പദ്ധതി നിർവ്വഹണത്തിന്റെ

ഭാഗമായി ഇ-ടെണ്ടർ ക്ഷണിക്കുകയും വള്ളൂർ മോട്ടോർ പ്രൈവറ്റ് ലിമിറ്റഡ്, മരത്താക്കര പി.ഒ.-680306 എന്ന സ്ഥാപനത്തിന് ടെണ്ടർ ലഭിക്കുകയും ടി.സ്ഥാപനം ,ബസ് സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടുമുണ്ട്

**സെക്ഷൻ ഓഫീസർ**